വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള:)

(എ, ബി) വിവിധ ആവശ്യങ്ങൾക്ക് ഇന്നുള്ള വിദ്യുച്ഛക്തി നിരക്കുകളും 1979 ഡിസംബർ മാസത്തിലെ നിരക്കുകളും താഴെ കൊടുക്കുന്നു:—

| 1979-ലെ നിരക്കുകൾ (യൂണിറ്റിന്) | ഇപ്പോൾ നിലവിലുള്ള നിരക്കുകൾ (യൂണിറ്റിന്) |
|---|---|
| 31 പൈസ | 31 പൈസ |
| 23 ,, | 26·75 ,, |
| 17 ,, | 27 ,, |
| 38 ,, | 47 ,, |
| 10·5 ,, | 12·5 ,, |
| 15 ,, | 20 ,, |

| 1979-ലെ നിരക്കുകൾ | ഇപ്പോൾ നിലവിലുള്ള നിരക്കുകൾ |
|---|---|
| 14 പൈസ | 17 പൈസ |
| 17 ,, | 22 ,, |
| 8·7 ,, | 10·7 ,, |

(സി) വർദ്ധിപ്പിച്ചിട്ടില്ല.

വൈദ്യുത വിതരണം സംബന്ധിച്ച പരാതികൾ

* 579 [623] ശ്രീ. കെ. കൃഷ്ണൻകുട്ടി:
,, കെ. ശങ്കരനാരായണൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എ. എൽ. ജേക്കബ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, എം. ആർ. രഘുചന്ദ്രബാൽ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, എൻ. സുന്ദരൻ നാടാർ
,, മണിമംഗലത്ത് കുട്ട്യാലി:
,, പി. സി. ജോർജ്ജ്:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം, വിതരണം മുടങ്ങിപ്പോവുക, വോൾട്ടേജ് ഇല്ലായ്മ, കത്താത്ത തെരുവു വിളക്കുകൾ തുടങ്ങി പരക്കേയുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കാൻ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala-Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള):

(എ) ഉണ്ട്.

(ബി) വൈദ്യുത തൂണുകൾ മുതലായ സാധനസാമഗ്രികളുടെ ദുർലഭ്യം മൂലം കാലതാമസം വന്നുപോയ വർക്കുകളിൽ 1977 മാർച്ച് 31 വരെ മിനിമം ഗാരണ്ടിവച്ച എല്ലാ ലൈൻ എക്സ്റ്റൻഷൻ വർക്കുകളും 1980 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത എല്ലാ ഓവർ ഹെഡ് സർവീസുകളും സമയബന്ധിത പരിപാടിയനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെയ്തുതീർത്തു. 1980 മാർച്ച് 31 വരെ മിനിമം ഗാരണ്ടി വച്ച ലൈൻ എക്സ്റ്റൻഷനുകളും 1981 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത എല്ലാ ഓവർ ഹെഡ് സർവീസ് കണക്ഷനുകളും ഈ സാമ്പത്തിക വർഷത്തിൽ ചെയ്തു തീർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പണികൾ ക്രമാനുസരണം നടന്നുകൊണ്ടിരിക്കുന്നു.

ചില സബ് സ്റ്റേഷനുകളിലെ ട്രാൻസ്മിഷൻ വോൾട്ടേജിലുള്ള കുറവും ചില സ്ഥലങ്ങളിലെ ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിനുവേണ്ടി സബ് സ്റ്റേഷനുകൾ പണിയുക, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, പുതിയ ലൈനുകൾ പിടിക്കുക മുതലായ പണികൾ ചെയ്തുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മുതലായ പട്ടണങ്ങൾക്കു വേണ്ടി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി പണി തുടങ്ങി കഴിഞ്ഞു. കത്താത്ത തെരുവു വിളക്കുകളുടെ കാര്യം പരിഹരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ സെക്ഷൻ ആഫീസുകളിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജോലികൾക്ക് ഗുണനിയന്ത്രണം

* 580 [624] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ നാഷണൽ ഹൈവേകളുടെ പണികൾക്ക് ഗുണനിയന്ത്രണം പാലിക്കുവാൻ പ്രത്യേകം സംവിധാനം ഉള്ളതുപോലെ സംസ്ഥാനത്തെ പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള മറ്റു ജോലികൾക്കും ഗുണനിയന്ത്രണം ഉറപ്പു വരുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. എം. അബൂബക്കർ):

നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ദുർബല വിഭാഗങ്ങൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് ഒഴിവാക്കി കൊടുക്കുന്നതിന് നടപടി

* 581 [628] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
,, ടി. പി. പീതാംബരൻ മാസ്റ്റർ:
,, കെ. മുഹമ്മദാലി:

LIBRARY ARCHIVES Kerala Legislative Assembly